09.04.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 09–03–1994

# വേറിട്ടതും പ്രിയപ്പെട്ടതും, അത്ഭുതകരവും, സ്നേഹവും സുഖവും നിറഞ്ഞതുമായ അവതരണം– ശിവജയന്തി

ഇന്ന് ത്രിദേവ രചയിതാവായ ബാബ തന്റെ പൂജ്യ സാളിഗ്രാമങ്ങളായ കുട്ടികളെ കാണാൻ വന്നിരിക്കുന്നു. ബിന്ദു ജ്യോതി സ്വരൂപമായ ബാബയുടെ പൂജ നടക്കുന്നതു പോലെ, ഓർമചിഹ്നങ്ങൾ ആചരിക്കുന്ന പോലെ, ബാബയോടൊപ്പമൊപ്പം താങ്കൾ സാളിഗ്രാമആത്മാക്കളുടെയും പൂജയുണ്ടാകുന്നു. ബാബ ഒരു ത്രിമൂർത്തി ശിവൻ പാടപ്പെടുന്നു, പൂജിക്കപ്പെടുന്നു, താങ്കൾ സാളിഗ്രാമആത്മാക്കൾ അനേകമാണ്, പൂജ ഇരുവർക്കുമുണ്ടാകുന്നു, എന്തെന്നാൽ ബാബ എല്ലാ കുട്ടികളെയും തനിക്കു സമാനം പൂജ്യരാക്കി മാറ്റി. എപ്പോഴെങ്കിലും സാളിഗ്രാമങ്ങളെ കാണുമ്പോൾ എന്താണ് അനുഭവം ചെയ്യുന്നത്? ഇതു ഞങ്ങൾ തന്നെയാണോ ഇങ്ങനെ തോന്നുന്നുണ്ടോ? അപ്പോൾ ബാബ എന്താ കുട്ടികളെ സമാനമാണോ ആക്കിയത് എന്നാൽ തന്നെക്കാളും ശ്രേഷ്ഠ പൂജ്യരാക്കി. കുട്ടികളുടെ പൂജ ഡബിൾ രൂപത്തിൽ നടക്കുന്നു. ബാബയുടെ പൂജ ഒരു ശിവലിംഗത്തിന്റെ രൂപത്തിൽ മാത്രം നടക്കുന്നു. താങ്കൾ കുട്ടികളുടേത് സാളിഗ്രാമങ്ങളുടെ രൂപത്തിലും നടക്കുന്നു, ദേവാത്മാക്കളുടെ രൂപത്തിലും നടക്കുന്നു. ബാബയെക്കാൾ ഡബിൾരൂപത്തിലെ പൂജയ്ക്കും അധികാരികളായ ആത്മാക്കൾ താങ്കളാണ്. ഡബിൾ വിദേശികളെന്നു പറയാറുള്ളതു പോലെ ഡബിൾപൂജ്യരുമാണ്. ഡബിൾകിരീടധാരികളും താങ്കളാണ് ആകുന്നത്. നിരാകാരനായ അച്ഛൻ ആകുന്നില്ല. പലയിടത്തും ഭക്തരായവർ ശിവപ്രതിമയ്ക്ക് കിരീടം ചാർത്തുന്നുണ്ടാകും എന്തുകൊണ്ടെന്നാൽ കിരീടധാരി ആക്കിയിട്ടുണ്ട്, അതിനാൽ പലയിടത്തും കിരീടം വെച്ച് കാണിക്കുന്നു. എന്നാൽ ബാബയൊരിക്കലും രത്നജഡിത സ്വർണ, വെള്ളിക്കിരീടധാരി ആകുന്നില്ല. എന്നാൽ കിരീടം പ്രാക്ടിക്കലിൽ അണിയുക മസ്തകത്തിൻമേലാണ്. അപ്പോൾ നിരാകാരനായ അച്ഛന് മസ്തകമുണ്ടോ! ശരീരം തന്നെയില്ല എങ്കിൽ കിരിടം ധാരണ ചെയ്യുമോ! എന്നാൽ സ്നേഹത്തിന്റെ കാരണത്താൽ കിരീടം കാണിക്കുകയാണ്. അപ്പോൾ ബാബ കുട്ടികളെ തന്നെക്കാളും മുന്നിലേക്കു വെച്ചു. ഇത്രയും സന്തോഷവും ഇത്രയും ശ്രേഷ്ഠസ്മൃതിയുമുണ്ടോ? ബാപ്ദാദയ്ക്ക് തന്റെ ജയന്തി ആചരിക്കുവാനുള്ള സന്തോഷമല്ല, എന്നാൽ താങ്കളെല്ലാവരുടെയും ജയന്തിയാണ് അതുകൊണ്ട് കുട്ടികളുടെ ജയന്തിയുടെ സന്തോഷമാണ് എന്തെന്നാൽ ബാബയ്ക്ക് ഒറ്റയ്ക്ക് ഒന്നും ചെയ്യാനാകില്ല, താങ്കൾക്കും ഒറ്റയ്ക്ക് ഒന്നും ചെയ്യാനാകില്ല. ഇടയ്ക്കിടെ ചില ചില കുട്ടികൾക്ക് വിചാരമുണ്ട് ഞാനാണ് ചെയ്യുന്നത് എന്നാൽ ബാബയെക്കൂടാതെ സഫലതയുണ്ടാകില്ല. അപ്പോൾ ബാബയ്ക്കും ഒറ്റയ്ക്ക് ഒന്നും ചെയ്യാനാകില്ല കുട്ടികൾക്കും ഒറ്റയ്ക്ക് ഒന്നും ചെയ്യാനാകില്ല. അഥവാ ബാബ കുട്ടികളെ സാകാരത്തിൽ മിലനം ചെയ്യാൻ ആഗ്രഹിച്ചാലും ആകാരത്തിൽ ആഗ്രഹിച്ചാലും ബ്രഹ്മാവിന്റെ ആധാരം എടുക്കുക തന്നെ വേണം. ബ്രഹ്മാവില്ലാതെയും ഒന്നും ചെയ്യാനാകില്ല. മാധ്യമമില്ലാതെ സാകാരമിലനവും ആചരിക്കാൻ കഴിയില്ല. അപ്പോൾ എത്ര സ്നേഹം ബാബയ്ക്ക് കുട്ടികളോടുണ്ട്! പരസ്പരം ഇല്ലാതെ ഒന്നും ചെയ്യാൻ കഴിയില്ല. ബാബയെ അകറ്റിയാൽ കൂടെ വെച്ചില്ലെങ്കിൽ ഒറ്റയ്ക്ക് എന്തെങ്കിലും ചെയ്യാനാകുമോ? ബാബയ്ക്ക് ചെയ്യാനാകുമോ? ബാബയ്ക്കും ചെയ്യാൻ കഴിയില്ല. അപ്പോൾ ഈ ബാബയുടെയും കുട്ടികളുടെയും ഒപ്പമൊപ്പമുള്ള ദിവ്യജന്മമെടുക്കൽ, ഒപ്പമൊപ്പം വിശ്വപരിവർത്തനം ചെയ്യൽ, ഒപ്പമൊപ്പം സ്വന്തം മധുരമായ വീട്ടിലേക്ക് പോകൽ– ഇത് ഡ്രാമയിൽ അവിനാശിയായി വിധിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിനെ ആർക്കും മാറ്റാനാകില്ല. അപ്പോൾ ഈ വിധി നല്ലതല്ലേ! പ്രിയപ്പെട്ടതായി തോന്നുന്നില്ലേ! അപ്പോൾ ഇന്ന് എല്ലാവരും ബാബയുടെ ജന്മദിനം ആചരിക്കുവാൻ വന്നതോ അവനവന്റെയോ? ബാബ പറയും താങ്കളുടെ, കുട്ടികൾ ബാബയോട് പറയും അങ്ങയുടെ.

ശിവജയന്തി എന്നും ശിവരാത്രി എന്നും പറയുന്ന ഈ ദിവ്യഅവതരണം എത്ര ആത്മാക്കൾക്ക് സ്നേഹം നിറഞ്ഞ, സുഖം നിറഞ്ഞ അവതരണമാണ്. സത്യയുഗത്തിലും ഇങ്ങനെയുള്ള ജന്മദിനം ആഘോഷിക്കില്ല. ആത്മാക്കൾ ആത്മാക്കളുടെ ജന്മദിനം ആഘോഷിക്കും എന്നാൽ ഈ സമയം ആത്മാക്കൾ പരമാത്മാവിന്റെ ജന്മദിനം ആഘോഷിക്കുന്നു. മുഴുവൻ കൽപത്തിൽ ഇങ്ങനെ വേറിട്ടതും പ്രിയപ്പെട്ടതും അത്ഭുതകരവുമായ ഒരേ സമയം ബാബയുടേതും കുട്ടികളുടേതുമായ ജന്മദിനം, ഇങ്ങനെ സംഭവിക്കുമോ? തിയ്യതി ഒന്നു തന്നെയായാലും വർഷത്തിലോ മാസത്തിലോ ദിവസത്തിലോ വ്യത്യാസമുണ്ടാകും. എന്നാൽ ഈ അവതരണദിവസം എത്ര അത്ഭുതകരമാണ് ബാബയുടെയും കുട്ടികളുടെയും ഒപ്പമൊപ്പം.

ഈ ഓർമചിഹ്നദിവസത്തിൽ വിശേഷിച്ച് ഭക്തരായവരും വിശേഷിച്ച് രണ്ടു വിശേഷതകളിലൂടെ ഈ ദിവസം ആചരിക്കുന്നു. രണ്ടു വിശേഷതകൾ ഏതൊക്കെയാണ്? ഒന്ന് വിശേഷവ്രതം ധാരണ ചെയ്യുന്നു, മറ്റൊന്ന് സ്വയം സമർപ്പിക്കാതെ മറ്റാരെയെങ്കിലും ബലി അർപ്പിക്കുന്നു. അപ്പോൾ ബലിയർപ്പിക്കുക, വ്രതം ധാരണ ചെയ്യുക– ഈ രണ്ടു വിശേഷതയും ഈ ദിവസത്തിന്റേതാണ്. അനേക പ്രകാരത്തിലെ വ്രതം

ധാരണ ചെയ്യുന്നു. ചിലര്‍ ഭക്ഷണത്തിന്റെ, ചിലര്‍ ജാഗരണത്തിന്റെ, ചിലര്‍ ദൂര ദൂരം കാല്‍നടയായി സഞ്ചരിക്കുന്നതിന്റെ, എത്ര ക്ഷീണിച്ചാലും തന്റെ വ്രതം പൂര്‍ത്തിയാക്കുന്നു. എത്ര ദിവസമെടുത്താലും, എത്ര സമയമെടുത്താലും വ്രതം ഉപേക്ഷിക്കുകയില്ല. അപ്പോള്‍ ഈ ഓര്‍മചിഹ്നം ആരെ അനുകരിച്ചാണ്? താങ്കളുടേതാണ് ബ്രാഹ്മണജീവിതത്തിന്റെ വ്രതം, ഭക്തരുടേതാണ് ഒരു ദിവസത്തിന്റെ വ്രതം. താങ്കളും ബ്രാഹ്മണജന്മമെടുത്തപ്പോള്‍ അഥവാ ദിവ്യജന്മമെടുത്തപ്പോള്‍ എന്തു വ്രതമെടുത്തു? അജ്ഞാനനിദ്രയില്‍ നിന്നു ജാഗരണത്തിന്റെ വ്രതമെടുത്തില്ലേ, അതോ അല്‍പാല്‍പം ഉറങ്ങി ഇതു വ്രതമായോ? കുറേശ്ശെ കോട്ടുവായിടുക ഇങ്ങനെ ചെയ്തില്ലല്ലോ? അപ്പോള്‍ താങ്കള്‍ എല്ലാവരും ശിവജയന്തി അഥവാ ദിവ്യജന്മദിനത്തിന് ജാഗരണത്തിന്റെ വ്രതമെടുത്തു അതിനാല്‍ ഭക്തരും ഓര്‍മചിഹ്നരൂപത്തില്‍ ജാഗരണം ചെയ്യുന്നു. താങ്കളെല്ലാവരും ശുദ്ധഭോജനത്തിന്റെ വ്രതമെടുത്തു അതിനാല്‍ ഭക്തരും എന്തു തന്നെ സംഭവിച്ചാലും അസുഖം തന്നെ വന്നുപോയാലും അന്നത്തിന്റെ വ്രതത്തെ മുറിക്കുന്നില്ല. അപ്പോള്‍ താങ്കളുമെല്ലാവരും മനസിനു മുന്നിലോ ശരീരത്തിനു മുന്നിലോ എന്തെങ്കിലും പരിതസ്ഥിതികള്‍ വന്നാലും വ്രതം മുറിക്കുമോ? ഇടയ്ക്ക് കലര്‍ത്തിക്കഴിക്കുക ഇങ്ങനെ ചെയ്യുന്നുണ്ടോ? ആരും കാണുന്നില്ലേ ശരി കഴിച്ചു! തന്റെ വ്രതം പക്കയാക്കി വെക്കുന്നുണ്ടല്ലോ? അതോ പാകപ്പെടാത്തതാണോ? ഇടയ്ക്കിടെ കാണുമ്പോള്‍ കുറച്ചങ്ങോട്ടു മനസു പോകുന്നുണ്ടോ? ഒരേ പോലത്തെ ഭക്ഷണം കഴിച്ചു കഴിച്ച് ഇടയ്ക്ക് മറ്റുള്ളതും കഴിക്കാന്‍ മനസു വരാറുണ്ടോ? ശരി, ഇതില്‍ അമേരിക്ക, ഓസ്ട്രേലിയ, യൂറോപ്പ്, ഏഷ്യ, റഷ്യ എല്ലാവരും പക്കയല്ലേ? അതോ അല്‍പാല്പം പാകമാകാതെയാണോ?

അപ്പോള്‍ ഡബിള്‍ വിദേശികള്‍ എല്ലാവരും പാസ് ആയി! ഭാരതത്തിലുള്ളവര്‍ പാസ് തന്നെയാണല്ലോ! ഭാരതവാസികള്‍ക്ക് പിന്നെയും എളുപ്പമാണ്. ഡബിള്‍ വിദേശികള്‍ക്ക് ഇതില്‍ ഡബിള്‍പരിശ്രമവുമുണ്ട്. പക്ഷേ പാസാണ് അതിന് ആശംസകള്‍. അപ്പോള്‍ ഒന്ന് ജന്മദിനത്തിന്റെ ആശംസകള്‍, രണ്ട് പാസാകുന്നതിന്റെ ആശംസകള്‍, മൂന്നാമത് ഒരിക്കലും ചഞ്ചലതയിലേക്കു വരാതെ സദാ അചഞ്ചലമായിരിക്കുക ഇതില്‍ പാസാണോ? ഇതില്‍ പറയുന്നു- എന്തു ചെയ്യാന്‍! ചിലപ്പോള്‍. ഇന്ന് ബാപ്ദാദ ഡബിള്‍വിദേശികള്‍ക്കായി വളരെ രമണീകഭാഷ പുറത്തിറക്കി എന്തെന്നാല്‍ ഡബിള്‍വിദേശികള്‍ ആസ്വാദനം കൂടുതല്‍ ഇഷ്ടപ്പെടുന്നുവല്ലോ! എന്തു സംഭവിച്ചാലും എന്‍ജോയ് ചെയ്യണം, ഇങ്ങനെ ശാന്തമായി ശാന്തമായിരിക്കാനോ! അപ്പോള്‍ ബാപ്ദാദ ശിവരാത്രിക്ക് ഈ രണ്ടു വാക്കുകളെക്കൊണ്ട് എല്ലാവരെയും ദൃഢവ്രതം ചെയ്യിക്കുകയാണ്. വ്രതമെടുക്കാന്‍ തയ്യാറാണോ? അതോ കേള്‍ക്കുമ്പോള്‍ പറയുമോ ഇതു കുറേശ്ശെ കുറേശ്ശെ പ്രയാസമാണ്. ആദ്യം ഈ പ്രയാസം എന്ന വാക്ക് സങ്കല്‍പത്തില്‍ പോലും കൊണ്ടുവരില്ല- ഈ വ്രതമെടുക്കാന്‍ തയ്യാറാണോ? അപ്പോള്‍ ബാപ്ദാദ കണ്ടു ഏതുവരെ സങ്കല്‍പത്തില്‍ ദൃഢതയില്ലയോ അതുവരെ സഫലത ഉണ്ടാകുകയില്ല. സങ്കല്‍പമുണ്ടാകുന്നു എന്നാല്‍ ദൃഢമാകുന്നില്ല എങ്കില്‍ ദുര്‍ബലത വരുന്നു. വളരെയായി ദുര്‍ബലതയ്ക്ക് ഈ വാക്ക് പറയുന്നു എന്തു ചെയ്യാന്‍! വാട്ട്. അപ്പോള്‍ ഇനി വാട്ട് എന്നു പറയരുത്, എന്നാല്‍ വാട്ടിനു പകരം എന്തു പറയും? ഫ്ളൈ (പറക്കുക). എപ്പോള്‍ വാട്ട് എന്ന വാക്ക് വന്നാലും ബ്രാഹ്മണ ഡിക്ഷ്ണറിയില്‍ വാട്ട് എന്നതിനു പകരം ഫ്ളൈ എന്ന വാക്കാണ്. മറ്റൊരു വാക്ക് പറയാറുള്ളത് എന്താണ്? വൈ (എന്തുകൊണ്ട്), അപ്പോള്‍ വൈയ്ക്ക് എന്തു പറയും? ബൈ ബൈ. സദാ ബൈ ആണോ അല്‍പനേരത്തേക്കോ? മൂന്നാമത് ഏതു വാക്ക് പറയുന്നു? ഹൗ. അപ്പോള്‍ ഹൗ( എങ്ങനെ) ഇല്ല, നോ (ഇങ്ങനെ), അറിയാം, എങ്ങനെ ഇല്ല, നോ –അതായത് അറിയുന്നവരാണ്. ത്രികാലദര്‍ശിയാകുമ്പോള്‍ അറിയുന്നവരാകും അപ്പോള്‍പ്പിന്നെ ഹൗ എന്നു പറയുമോ . ഹൗ എന്നു പറയുക അര്‍ഥം ഹവാ(കൊടുങ്കാറ്റ്) വരിക. അപ്പോള്‍ കൊടുങ്കാറ്റ് നല്ലതായി തോന്നുന്നുണ്ടോ. അതിനാല്‍ ഈ വാക്കുകളാണ് ദുര്‍ബലത കൊണ്ടുവരുന്നത്. ഈ വാക്കുകളാണ് വ്യര്‍ഥസങ്കല്‍പത്തിന്റെ വാതില്‍ തുറക്കുന്നത്. ചിന്തിക്കൂ! എപ്പോള്‍ വ്യര്‍ഥസങ്കല്‍പത്തിന്റെ ക്യൂ ഉണ്ടാകുമ്പോഴും ഏതു വാക്കുകളില്‍ നിന്നാണ്? ഇതെന്തുകൊണ്ട്? ഇതേ വാക്കുകളില്‍ നിന്നല്ലേ ഉണ്ടാകാറുള്ളത്! ഇതെന്താ അഥവാ എങ്ങനെയുണ്ടാകും? ഇത് എങ്ങനെ ഉണ്ടായി! ഇത് എങ്ങനെ പറഞ്ഞു! ഇത് എന്തുകൊണ്ട് പറഞ്ഞു! ഇനി എന്തു ചെയ്യും!.... എങ്ങനെ ചെയ്യും! അപ്പോള്‍ ദുര്‍ബലതയുടെ അഥവാ വ്യര്‍ഥസങ്കല്‍പത്തിന്റെ വാതില്‍ ഈ വാക്കുകളാണ്. ഇവയെ ഡിക്ഷ്ണറിയില്‍ നിന്നു മാറ്റൂ. പിന്നെ എന്തുണ്ടാകും? താങ്കളും മാറുകയില്ലേ! അപ്പോള്‍ ഭക്തരായവര്‍ താങ്കളെ തന്നെ കോപ്പി ചെയ്തുകൊണ്ടിരിക്കുന്നു. താങ്കളുടേത് പരധിയില്ലാത്ത കാര്യമാണ്, അവര്‍ പരിധിയുള്ള രൂപത്തില്‍ ഓര്‍മചിഹ്നം വെച്ചിരിക്കുന്നു. അപ്പോള്‍ ഈ ദൃഢവ്രതം വെക്കുക തന്നെ ശിവജയന്തി അഥവാ ശിവരാത്രി ആചരിക്കുക. ആചരിക്കുക എന്നാല്‍ ആയിത്തീരുക. ഇങ്ങനെയല്ല- വെറും കേക്ക് മുറിക്കുക, ലൈറ്റ് കത്തിക്കുക, ദീപങ്ങള്‍ കത്തിക്കുക, അപ്പോള്‍ ഇത് ആഘോഷിക്കലല്ല, ഈ ആഹ്ലാദവും വേണം, എന്നാല്‍ ഇതിനൊപ്പമൊപ്പം ചിലത് മുറിക്കണം, ചിലത് കത്തിക്കണം.

ഒരു വശത്ത് ദീപവും ചന്ദനത്തിരിയും കത്തിക്കുന്നു, രണ്ടാമത് കേക്ക് മുറിക്കുന്നു, മൂന്നാമത് കൊടി പാറിക്കുന്നു, നാലാമത് പാട്ട് പാടുന്നു, അഞ്ചാമത് നൃത്തവും ചെയ്യുന്നു. പിന്നെ എന്തു ചെയ്യുന്നു?

മധുരം വിതരണം ചെയ്യുന്നു കഴിക്കുന്നു. ഇപ്പോൾ ഈ 6 കാര്യങ്ങൾ തന്നെ ചെയ്യേണ്ടി വരും. ആദ്യം ദൃഢസങ്കൽപത്തിന്റെ ദീപം മനസിൽ കത്തിക്കൂ ഇനി മുതൽ ദൃഢതയിലൂടെ സഫലത നേടുക തന്നെ വേണം. നോക്കാം, അറിയില്ല അല്ല. നടക്കുക തന്നെ വേണം, ചെയ്യുക തന്നെ വേണം. ആം അല്ല ആക ണം. രണ്ടാമത് കേക്ക് ഏത് മുറിക്കും? കേക്ക് മുഴുവനായി കഴിക്കാറില്ല, മുറിച്ച് കഴിക്കുന്നു. അപ്പോൾ എന്തു മുറിക്കും? സമ്പന്നമാകുന്നതിലോ സമ്പൂർണമാകുന്നതിലോ ഏതു തന്നെയാണ് സങ്കൽപ മാത്രയാ യാലും തടസമാകുന്നത് അതിനെ ഇനി മുതൽ മുറിക്കൂ, അവസാനിപ്പിക്കുക. ഏതു ദുർബലതയാണോ അതിനു പകരമായി ശക്തി ധാരണ ചെയ്യുന്നതിനുള്ള കേക്ക് വായിലിടൂ. ആദ്യം മുറിക്കൂ പിന്നെ വായിലി ടൂ. മനസിലായോ! കൊടി ഏതു പറപ്പിക്കും? ഇത് ഓർമചിഹ്നത്തിന്റെ രൂപത്തിൽ കൊടി പാറിക്കുന്നു എന്നാൽ സ്വന്തം ഹൃദയത്തിൽ ബാബയെ ഓരോ സങ്കൽപം, വാക്ക്, കർമത്തിലൂടെ സദാ പ്രത്യക്ഷമാ ക്കുന്നതിന്റെ കൊടി ഹൃദയത്തിൽ പറപ്പിക്കൂ. ഏതൊരു സങ്കൽപമോ വാക്കോ കർമമോ ഇങ്ങനെയുണ്ടാ കരുത് ബാബയെ പ്രത്യക്ഷമാക്കാത്തതായിട്ട്. എന്തെന്നാൽ എല്ലാവരുടെ ഹൃദയത്തിലും ബാബയോട് സ്നേഹത്തിന്റെ കാരണത്താൽ ഇതേ സങ്കൽപമാണ്– ബാബയെ പ്രത്യക്ഷമാക്കണം. അപ്പോൾ എങ്ങനെ ചെയ്യും? സദാ തന്റെ സങ്കൽപം, വാക്ക്, കർമത്തിലൂടെ ഹൃദയത്തിൽ പ്രത്യക്ഷമാക്കുന്നതിന്റെ കൊടി പാറിക്കൂ, സദാ സന്തോഷമായിരിക്കുന്നതിന്റെ നൃത്തം ചെയ്തുകൊണ്ടിരിക്കൂ. ഇടയ്ക്ക് സന്തോഷം, ഇടയ്ക്ക് ഉദാസീനം, ഇതല്ല. എപ്പോൾ ഉദാസീനമാകുന്നുവോ ആ സമയവും തന്റെ ഒരു ഫോട്ടോ എടു ക്കൂ. എപ്പോൾ സന്തോഷമായിരിക്കുന്നു അപ്പോഴും ഫോട്ടോ എടുക്കൂ. പിന്നെ രണ്ടു ഫോട്ടോയും ഒപ്പം വെക്കൂ. പിന്നെ നോക്കൂ നല്ലത് ഏതാണ്? ഞാൻ ഇതാണോ അതാണോ? അപ്പോൾ സദാ ഹർഷിതമായി രിക്കുന്നതിന്റെ, സന്തോഷമായിരിക്കുന്നതിന്റെ നൃത്തം ചെയ്യൂ. എന്തു തന്നെ സംഭവിക്കട്ടെ, ആര് എത്ര തന്നെ സന്തോഷം കവരാൻ ശ്രമിക്കട്ടെ, എന്തെന്നാൽ മായ ആരിലൂടെയെങ്കിലുമായിരിക്കുമല്ലോ ചെയ്യി ക്കുക! എന്തു തന്നെ സംഭവിച്ചാലും എത്ര തന്നെ ആര് ഏതു തരത്തിൽ സന്തോഷം കുറയ്ക്കാനോ സന്തോഷം അപ്രത്യക്ഷമാക്കാനോ പ്രയത്നിക്കട്ടെ എന്നാൽ ഏതുവരെ ജീവിക്കുന്നുവോ അതുവരെ സന്തോഷമായിരിക്കണം. ഇത് പക്ക വ്രതമെടുത്തല്ലോ. എന്താണ് ചെയ്യാൻ സാധിക്കാത്തതാണ്! ഇച്ഛാശ ക്തിയില്ലേ! അപ്പോൾ ആരുടെ പക്കൽ ഇച്ഛാശക്തിയുണ്ടോ അവർക്ക് എന്തു ചെയ്യാൻ സാധിക്കുകയില്ല! താങ്കൾ മാസ്റ്റർ സർവശക്തിവാന് ചെയ്യാൻ സാധിക്കുകയില്ലെങ്കിൽ മറ്റാര് ചെയ്യും! മറ്റ് കാൽനടക്കാരോ അതോ താങ്കൾ തന്നെയോ? മാലയിലെ മുത്ത് താങ്കൾക്ക് ആകണമോ മറ്റാരെയെങ്കിലും കാത്തിരിക്കുക യാണോ? ഫസ്റ്റ് ഡിവിഷനിൽ വരണ്ടേ! അതോ സെക്കന്റായാലും മതിയോ?

അപ്പോൾ ഈ ദൃഢസങ്കൽപം അതായത് വ്രതമെടുക്കൂ –ഏതു വരെ ജീവിക്കുന്നുവോ അതു വരേക്കും സന്തോഷമായിരിക്കണം. ആര് സന്തോഷമായിരിക്കുന്നുവോ സന്തോഷത്തിന്റെ മിഠായി വിതരണം ചെയ്തു കൊണ്ടിരിക്കും. ആ മിഠായിയിലൂടെ വായ് മാത്രം മധുരിക്കുന്നു, ഇതിലൂടെ മനസ്, ശരീരം, ഹൃദയം എല്ലാം സന്തോഷിക്കുന്നു. അപ്പോൾ ഈ മധുരം വിതരണം ചെയ്യണം. സദാ ഏതു പാട്ടാണ് പാടുന്നത്? മധുരമായ ബാബ, പ്രിയപ്പെട്ട ബാബ, എന്റെ ബാബാ ഇതേ പാട്ടല്ലേ പാടുന്നത്! സദാ ഈ ഗീതം ഓട്ടോ മാറ്റിക്കായി പാടിക്കൊണ്ടിരിക്കുന്നു. കച്ചവടം കഴിഞ്ഞു പാട്ടവസാനിച്ചു ഇങ്ങനെയല്ല, ബാറ്ററി പതുക്കെ യാകുക, അല്ല. ബാറ്ററി പതുക്കെയാകുമ്പോൾ അറിയാമല്ലോ എങ്ങനെയാണ് പാട്ടു പാടുന്നത്? എല്ലാ വർക്കും അനുഭവമുണ്ടല്ലോ പിന്നെ എന്തുണ്ടാകുന്നു? എന്റേതാണെങ്കിൽ ബാബ, എങ്കിൽ എങ്കിൽ വരു ന്നു. വെറും ഏന്റേത് ബാബ എന്നു പറയില്ല എന്റേതാണെങ്കിൽ ബാബ, കലർപ്പുണ്ടായില്ലേ. ബാറ്ററി പതു ക്കെയാകുന്നു അപ്പോൾ ശബ്ദം പതുക്കെയാകുന്നു അതിൽ എങ്കിൽ എങ്കിൽ വാക്ക് ചേരുന്നു. ഉടനെ എന്റെ ബാബ അല്ല, എന്റേതാണെങ്കിൽ ബാബ.

അപ്പോൾ ശിവരാത്രി ആചരിക്കുക അർഥം ഈ ദൃഢവ്രതമെടുക്കുക. ഇങ്ങനെ ശിവരാത്രി ആചരിക്കില്ലേ? അതോ ആലോചിച്ച് പിന്നെ മറുപടി നൽകാമെന്നോ! ശരി വളരെ സമർഥരാണ്. ഇപ്പോഴിപ്പോൾ ആലോ ചിച്ചു, ഡബിൾവിദേശികൾ അതിനാൽ ഡബിൾസമർഥരാണ്. ശരി

ഡബിൾ വിദേശികൾ മധുബനിൽ എന്തു വിശേഷസേവനം ചെയ്തു? എന്തു ചെയ്തു? ബ്രഹ്മാബാബയെ പ്രത്യക്ഷമാക്കി, സ്റ്റാംപിന്റെ പരിപാടി ആഘോഷിച്ചു. വിശേഷയോഗവും ചെയ്തില്ലെ. ശക്തിശാലി യോഗം വെച്ചു എങ്കിൽ വിഘ്നവിനാശകരായില്ലേ. മധുബൻ നിവാസികളുടെ യോഗമാകട്ടെ, ഡബിൾ വിദേശിക ളുടെ യോഗമാകട്ടെ, നാനാ ഭാഗത്തെയും ബ്രാഹ്മണ കുട്ടികളുടെ യോഗമാകട്ടെ അത്ഭുതം ചെയ്തില്ലേ. എന്തെന്നാൽ നാനാ ഭാഗത്തും ഏവർക്കും ഈയൊരു സങ്കൽപമായിരുന്നു– ബ്രഹ്മാബാബയെ പ്രത്യക്ഷ മാക്കുക തന്നെ വേണം. പിന്നെ ചിലർ ഓടി നടന്ന് സേവനം ചെയ്തു , ചിലർ മനസാ സേവനം ചെയ്തു, ചിലർ വാചാ സേവനം ചെയ്തു, എന്നാൽ ആര് എന്ത് യോഗയുക്തമായി സേവനം ചെയ്തുവോ, ഇങ്ങ നെയുള്ള സേവാധാരികൾക്ക് സഫലതയുടെ ആശംസകൾ. എത്ര സന്തോഷമുണ്ടായി! എന്തെന്നാൽ ബ്രഹ്മാബാബയോട് എല്ലാവർക്കും ഹൃദയത്തിന്റെ അതിസൂക്ഷ്മസ്നേഹമാണ്. എല്ലാവരും ബ്രഹ്മാബാ ബയെ കണ്ടിട്ടുണ്ടോ അതോ അറിയുമോ? എന്തു പറയും കണ്ടിട്ടുണ്ട് എന്നോ അറിഞ്ഞു എന്നോ?

ആരാണോ ഞാൻ കണ്ടിട്ടുണ്ട് എന്നു പറയുന്നത് അവർ കൈ ഉയർത്തു. ആര് പറയുന്നു അറിയാം കണ്ടിട്ടില്ല അവർ കൈ ഉയർത്തൂ. ( ചില ആളുകൾ ഉയർത്തി) ശരി അനുഭവം ചെയ്തിട്ടുണ്ടോ? ബ്രഹ്മാ എന്റെ ബാബയാണ് ഇത് അനുഭവം ചെയ്തോ? എന്തെന്നാൽ അനുഭവവും ഒരു കണ്ണാണ്. സ്ഥൂല കണ്ണുകളുലൂടെ നോക്കുന്ന പോലെ ഏറ്റവും വലിയ കണ്ണാണ് അനുഭവം. അനുഭവത്തിന്റെ കണ്ണുകളിലൂടെ കണ്ടു എങ്കിലും കണ്ടു എന്നു പറയാം. അനുഭവവും ചെയ്തിട്ടില്ല എന്നാൽ അവ്യക്ത രൂപത്തിലൂടെ, അവ്യക്ത സ്ഥിതിയിലൂടെ കണ്ടിട്ടില്ല എങ്കിൽ തന്റെ പേര് ദാദിമാരെക്കൊണ്ട് കുറിപ്പിക്കൂ, എങ്കിൽ അവർ അനുഭവം ചെയ്യിക്കും. മടിച്ചിരിക്കരുത് എന്തെന്നാൽ മറ്റുള്ളവർക്ക് സ്റ്റാംപിലൂടെ ബ്രഹ്മാബാബയുടെ അനുഭവം ചെയ്യിക്കുന്നു സ്വയം ചെയ്യുന്നുമില്ല എങ്കിൽ നല്ലതാകുകയില്ലല്ലോ. അതിനാൽ എപ്പോൾ ബ്രഹ്മാബാബയുടെ ചിത്രം മുന്നിലിരിക്കുന്നുവോ അപ്പോൾ ചിത്രത്തിലൂടെ ചൈതന്യതയുടെ മിലനത്തിന്റെ, അനുഭവത്തിൻരെ അനുഭൂതിയുണ്ടാകുന്നില്ല! ആത്മീയഭാഷണത്തിന്റെ പ്രതികരണം ലഭിക്കുന്നില്ല? ലഭിക്കുന്നില്ലേ! അപ്പോൾ ബാബയാണ് അതുകൊണ്ടാണ് കേൾക്കുന്നത് നൽകുന്നത്. എന്നാലും ഈ അനുഭവത്തിൽ നിന്നും വഞ്ചിതരായിരിക്കരുത്. മനസിലായോ! അപ്പോൾ എല്ലാവരും എന്തു സേവനം ചെയ്തു വിശേഷിച്ച് ഭാരതവാസികൾ കൂടുതൽ സേവനത്തിന്റെ അവസരമെടുത്തു അപ്പോൾ ബാപ്ദാദ പേരു പറയുന്നില്ല എന്നാൽ എല്ലാവരും തന്റെ സേവനത്തിന്റെ പകരമായി പേരോടെ ആശംസ സ്വകരിക്കൂ. ഡബിൾവിദേശികൾക്കും സേവനത്തിന്റെ അവസരം ലഭിച്ചു. നല്ലതായി തോന്നിയില്ലേ. നൃത്തം ചെയ്യുകയല്ലേ. ശരി! നാനാ ഭാഗത്തെയും ബ്രാഹ്മണജന്മമാകുന്ന ദിവ്യജന്മത്തിന്റെ അധികാരി ആത്മാക്കൾക്ക്, സദാ ബാബയും താങ്കളുമായി ഒപ്പമൊപ്പം കഴിയുന്ന സമീപആത്മാക്കൾക്ക്, സദാ ഡബിൾ പൂജ്യസ്വരൂപത്തിന്റെ സ്മൃതിയിൽ കഴിയുന്ന സമർഥ ആത്മാക്കൾക്ക്, സദാ ദൃഢസങ്കൽപവും ദൃഢവ്രതവും നിറവേറ്റുന്ന സഫലതയുടെ അധികാരിആത്മാക്കൾക്ക്, സദാ സന്തോഷമായിരുന്ന് മറ്റുള്ളവരെയും സന്തോഷിപ്പിക്കുന്ന സന്തോഷത്തിന്റെ സൗഭാഗ്യശാലികുട്ടികൾക്ക്, ത്രിദേവ രചയിതാവായ ബാബയുടെയും ബ്രഹ്മാബാബയുടെയും വിശേഷജന്മദിനത്തിന്റെ ആശംസകളും സ്നേഹസ്മരണയും . ഒപ്പമൊപ്പം സർവ ശ്രേഷ്ഠ ആത്മാക്കൾക്ക് നമസ്തേ.

## വരദാനം: തന്റെ ശ്രേഷ്ഠസ്ഥിതിയിലൂടെ അലയുന്ന ആത്മാക്കൾക്ക് ശ്രേഷ്ഠ ലക്ഷ്യമേകുന്ന പ്രകാശ സ്വരൂപമായി ഭവിക്കട്ടെ.

സ്ഥൂലപ്രകാശം(ലൈറ്റ്)ത്തിൽ ഈയാംപാറ്റകൾ സ്വതവേ വരുന്നു, ഇങ്ങനെ താങ്കൾ തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളിൽ അലഞ്ഞുകൊണ്ടിരിക്കുന്ന ആത്മാക്കൾ തീവ്രഗതിയിൽ വരും. അതിനായി അഭ്യാസം ചെയ്യൂ– ഓരോരുത്തരുടെയും മസ്തകത്തിൽ സദാ തിളങ്ങുന്ന നക്ഷത്രങ്ങളെ കാണുന്നതിന്. ശരീരത്തെ കണ്ടിട്ടും കാണാതിരിക്കുവാൻ. സദാ ദൃഷ്ടി തിളങ്ങുന്ന നക്ഷത്രത്തിനു നേർക്ക് പോകട്ടെ. ഇങ്ങനെയുള്ള ആത്മീയദൃഷ്ടി സ്വാഭാവികമായാൽ അപ്പോൾ താങ്കളുടെ ഈ ശ്രേഷ്ഠ സ്ഥിതിയിലൂടെ അലയുന്ന ആത്മാക്കൾക്ക് യഥാർഥ ലക്ഷ്യം ലഭിക്കും.

## സ്ലോഗൻ: സേവനത്തിന്റെ മഹത്വത്തെ അറിഞ്ഞ് എന്തെങ്കിലുമെന്തെങ്കിലും സേവനത്തിൽ ബിസിയായി കഴിയുന്നവർ തന്നെ ഓൾറൗണ്ട് സേവാധാരി.